കേരള സർക്കാർ

ഭരണഭാഷ - മാതൃഭാഷ

DFTVM/1872/2019-F3

ഫിഷറീസ് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി:19/12/2019
Phone: 0471-2305042
Email: fisheriesdirector@gmail.com

സർക്കുലർ.നമ്പർ 04 /2019

വിഷയം : ഫിഷറീസ് - സഹകരണം - ഫിഷറീസ് വകുപ്പിൻറെ നിയന്ത്രണത്തിലുള്ള മത്സ്യ സഹകരണ സംഘങ്ങളിലെ നിയമനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- - സംബന്ധിച്ച്.

1) മത്സ്യ സഹകരണ സംഘങ്ങളിലെ എല്ലാ നിയമനങ്ങളും 1969-ലെ കേരള സഹകരണ നിയമത്തിലെ വകുപ്പുകൾക്കും അതിന് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായിരിക്കും

2) മത്സ്യസഹകരണ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷനും തസ്തിക സൃഷ്ടിക്കലും സർക്കാരിന്റെ 3/8/06 ലെ SRO 573/06 പ്രകാരം സഹകരണ സംഘം ചട്ടത്തിൽ ഉൾപ്പെടുത്തിയ അനുബന്ധം III ലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കും .

3) സംഘങ്ങളിൽ തസ്തികകൾ അനുവദിക്കുന്നതിന് സംഘം ഭരണസമിതി തീരുമാനമെടുത്ത് രജിസ്ട്രാർക്ക് അംഗീകാരത്തിന് നൽകേണ്ടതാണ്.

4) ക്ലാസിഫിക്കേഷൻ ഉത്തരവിനു വിധേയമായി ജീവനക്കാരുടെ നിയമനം , പ്രൊമോഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തമായ ഉപനിബന്ധനകൾ (ഫീഡർ കാറ്റഗറി റൂൾസ്) തയ്യാറാക്കി രജിസ്ട്രാറുടെ അംഗീകാരം വാങ്ങിയിരിക്കണം. ഫീഡർ കാറ്റഗറി റൂളുകൾ അനുസരിച്ച് ആയിരിക്കണം സംഘത്തിലെ നിയമനവും പ്രൊമോഷനും നടത്തേണ്ടത്

5) ക്ലാസ്സിഫിക്കേഷനനുസൃതമായി ജീവനക്കാരെ നിയമിക്കുവാൻ സാധിക്കാതെ വരികയോ സ്റ്റാഫ് പാറ്റേണിൽ എന്തെങ്കിലും വ്യത്യാസം ആവശ്യമായി വരികയോ ചെയ്യുന്ന സംഗതിയിൽ രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ ഉപനിബന്ധനകൾ ഭേദഗതി വരുത്തുവാൻ പാടുള്ളൂ. ജോലിയിലിരിക്കേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ചട്ടം 188 എ യിലെ നിബന്ധനകൾക്കു വിധേയമായി ആശ്രിത നിയമനം നൽകേണ്ടതാണ്.

6) അനുബന്ധം III പ്രകാരമുള്ളതിലും അധികമായി തസ്തികൾ ആവശ്യമായി വന്നാൽ അധിക തസ്തിക സൃഷ്ടിക്കുന്നതിന് രജിസ്ട്രാറിൽ നിന്നോ സർക്കാരിൽ നിന്നോ അനുമതി കർശനമായി വാങ്ങിയിരിക്കേണ്ടതാണ്.

7) താത്കാലിക നിയമനം യാതൊരു കാരണവശാലും നടത്താൻ പാടുള്ളതല്ല .

8) സ്ഥിരം തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് താഴെപറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

a) നിയമനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുവാൻ പ്രാദേശികമായി പ്രചാരമുള്ള മലയാളപത്രങ്ങളിൽ പരസ്യം നൽകേണ്ടതാണ്. പരസ്യത്തിൽ സംഘത്തിൻറെ പൂർണ്ണമായ പേരും വിലാസവും, ഒഴിവുള്ള തസ്തികയുടെ പേര്, എണ്ണം, ശമ്പളസ്കെയിൽ പ്രായപരിധി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, അപേക്ഷാഫീസ്, എഴുത്തുപരീക്ഷ, ഇൻറർവ്യൂ എന്നിവ സംബന്ധിച്ച വിവരം , അപേക്ഷ ലഭിക്കേണ്ട അവസാന തീയതി

File No.DFTVM/1872/2019-F3

എന്നിവ ഉൾക്കൊള്ളിച്ചിരിക്കണം.
b) യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നതിന് എഴുത്തുപരീക്ഷ നിർബന്ധമായും നടത്തേണ്ടതും എഴുത്തു പരീക്ഷയുടെ പരമാവധി മാർക്ക് 100 ആയിരിക്കേണ്ടതുമാണ്. അഭിമുഖത്തിന് പരമാവധി 20 മാർക്കാണ് നിശ്ചയിക്കേണ്ടത്.

c) ജീവനക്കാരെ നിയമിക്കുന്നതിനുള്ള എഴുത്തു പരീക്ഷ നടത്തുന്നതും അനുബന്ധ ജോലികളും സഹകരണമേഖലയിൽ പരിചയവും പ്രാവീണ്യവുമുള്ള സംഘത്തിന് പുറമേയുള്ള ഏജൻസി മുഖാന്തിരം ആയിരിക്കണം. ഈ മേഖലയിൽ പരിചയമുള്ള വ്യക്തികളെയും എഴുത്തു പരീക്ഷ നടത്തിപ്പിന് പരിഗണിക്കാം. എന്നാൽ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം ഈ പരീക്ഷ നടത്തിപ്പിന് വേണ്ടി യാതൊരു കാരണവശാലും ആവശ്യപ്പെടാൻ പാടുള്ളതല്ല.

d) സഹകരണ സംഘങ്ങൾ ജീവനക്കാരെ നിയമിക്കുന്നതിനുവേണ്ടി നടത്തുന്ന പരീക്ഷയെ സംബന്ധിച്ച ചോദ്യപേപ്പർ തയ്യാറാക്കൽ, എഴുത്തു പരീക്ഷ നടത്തൽ, ഉത്തരക്കടലാസ് പരിശോധിക്കൽ, ഇൻറർവ്യൂ തുടങ്ങി യാതൊരു നടപടികളിലും മത്സ്യവകുപ്പിലെയോ, മൽസ്യഫെഡിലെയോ ഉദ്യോഗസ്ഥർ ഉൾപ്പെടാൻ പാടില്ല.

e) ഉത്തരക്കടലാസുകളിൽ ഫാൾസ് നമ്പർ നൽകേണ്ടതാണ്.

f) പ്രായം, വിദ്യാഭ്യാസ യോഗ്യത, നിയമനരീതി എന്നിവയിൽ കേരള സഹകരണ നിയമം വകുപ്പ് 80 ചട്ടം 183, 184 186,187 എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

g) ഒഴിവു വരുന്ന തസ്തികകളിലെ 10%, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്യേണ്ടതാണ്.

h) പത്തോ അതിൽ അധികമോ ജീവനക്കാരുള്ള സംഘങ്ങളിൽ 1% ഒഴിവുകൾ വികലാംഗർക്കായി സംവരണം ചെയ്യേണ്ടതാണ്.

<u>പ്രൊമോഷൻ നൽകുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ</u>

i. സംഘത്തിലെ ഉയർന്ന തസ്തികകളിൽ ഒഴിവു വരുന്ന വേക്കൻസിയിൽ പൊതുവേ പ്രൊമോഷൻ വഴി നിയമനം നടത്തേണ്ടതാണ്.

ii.എന്നാൽ യോഗ്യതയുള്ള അനുയോജ്യരായ ഉദ്യോഗാർത്ഥികൾ പ്രൊമോഷൻ നൽകാൻ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ നിയമത്തിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി മേൽ ഒഴിവു വന്ന തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്താവുന്നതാണ്.

iii. സഹകരണ ചട്ടത്തിലെ ചട്ടം 185 (1) ലെ വ്യവസ്ഥകൾ അനുസരിച്ച് തയ്യാറാക്കി രജിസ്ട്രാറുടെ അംഗീകാരം വാങ്ങിയിട്ടുള്ള ഫീഡർ കാറ്റഗറി ഉപനിബന്ധനകൾ അനുസരിച്ച് ജീവനക്കാരുടെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രൊമോഷൻ നടത്താവൂ.

iv.നിയമനത്തിനും പ്രൊമോഷനും ആവശ്യമായ മാനദണ്ഡങ്ങളും നിബന്ധനകളും ഉൾപ്പെടുത്തി അനുയോജ്യമായ ഫീഡർകാറ്റഗറി ഉപനിബന്ധനകൾ സംഘം തയ്യാറാക്കി രജിസ്ട്രാറുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ് .

v. സഹകരണ ചട്ടം 186 -ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്. ചട്ടം 185 (8) പ്രകാരം യോഗ്യതകളിൽ ഇളവ് ആവശ്യമെങ്കിൽ നിയമനത്തിനു മുമ്പ് രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം

അംഗീകാരത്തോടെ

(ഒപ്പ്)
VENKATESAPATHY.S IAS
ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/
ഫിഷറീസ് ഡയറക്ടർ

ഫിഷറീസ് ഡെപ്യൂട്ടി രജിസ്ട്രാർ

പകർപ്പ്:

ഫിഷറീസ് ജോയിൻറ് ഡയറക്ടർ (ദ.മേ) തിരുവനന്തപുരം,